LIBRARY ARCHIVES Kerala Legislative Assembly

കെ.ടി.ഡി.സി.-യുടെ പ്രവർത്തനം

305 (1003) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി. അടിസ്ഥാന സൗകര്യ വികസനത്തിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയ പദ്ധതികൾ ഏതൊക്കെയായിരുന്നു ; എത്ര തുക ഓരോ പദ്ധതിക്കുംവേണ്ടി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ സാമ്പത്തിക വർഷവും സർക്കാർ കെ.ടി.ഡി.സി.-ക്ക് എത്ര തുക വീതം നല്കിയെന്ന് അറിയിക്കാമോ ;

(സി) കെ.ടി.ഡി.സി.-യുടെ നിലവിലുള്ള കടബാധ്യതകൾ വിശദമാക്കാമോ ;

(ഡി) കെ.ടി.ഡി.സി.-യുടെ കഴിഞ്ഞ 5 വർഷത്തെ ആഡിറ്റ്ചെയ്ത ലാഭ നഷ്ട കണക്കുകൾ വിശദമാക്കാമോ ;

(ഇ) കെ.ടി.ഡി.സി.-യുടെ ഏതെങ്കിലും യൂണിറ്റുകളുടെ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ടോ ; നിലവിൽ നഷ്ടങ്ങൾ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി. അടിസ്ഥാന സൗകര്യ വികസനത്തിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ചെന്നൈ - ചെന്നൈ മെട്രോപൊളിറ്റൻ സിറ്റിയിൽ 90 മുറികളും 100-ഉം 50-ഉം പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച 2 കോൺഫറൻസ് ഹാളും ഉൾപ്പെടുന്ന ഹോട്ടലിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു

ചെലവഴിച്ച തുക - 7,31,06,718 രൂപ

2. സമുദ്ര - ഏകദേശം 800 പേർക്ക് ഇരിക്കാവുന്നതും കിച്ചൻ സൗകര്യത്തോടുകൂടിയതുമായ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു

ചെലവഴിച്ച തുക - 5,18,87,099 രൂപ

3. നെയ്യാർ ഡാം - 175 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാളിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി.

ചെലവഴിച്ചതുക - 12,25,079.

4. ചൈത്രം - ചൈത്രം ഹോട്ടലിന്റെ നവീകരണത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 12 മുറികളുടെ നവീകരണം നടത്തി പ്രവർത്തനം ആരംഭിച്ചു രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

ചെലവഴിച്ച തുക - 96,72,379 രൂപ

5. മസ്സൂറ് - മസ്സൂറ് ഹോട്ടലിന്റെ പുതിയ ബേക്കറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു അതോടൊപ്പം കിച്ചന്റെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കിവരുന്നു. കൂടാതെ റിസപ്ഷൻ ലോബിയുടേയും നവീകരണം തുടങ്ങാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. എല്ലാ മുറികളുടെയും നവീകരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു അനക്സ് ബ്ലോക്കിന്റെ സൂക്ചറൽ ഗ്ലേസിംഗിന്റെ പണി പൂർത്തിയായി.

ചെലവഴിച്ച തുക - 75,81,722 രൂപ

6. തണ്ണീർമുക്കം - അടച്ചിട്ടിരുന്ന തണ്ണീർമുക്കം ആയുർവ്വേദിക് ലേക്ക് റിസോർട്ടിന്റെ 37 മുറികൾ ശീതീകരിച്ച് നവീകരിക്കുകയും ഒരു കെട്ടിടം A/C കോൺഫറൻസ് ഹാൾ ആക്കി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ചെലവഴിച്ച തുക - 1,82,96,970 രൂപ

7. ആരണ്യ നിവാസ്, തേക്കടി - ആരണ്യ നിവാസിലെ നിത്യേനയുള്ള പ്രവർത്തനത്തെ ബാധിക്കാതെ 30 മുറികളുടേയും Lobby, Beer Parlour, Ayurvedic Centre, Reception എന്നിവയുടെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി.

ചെലവഴിച്ച തുക - 1,15,77,453 രൂപ

8. ബോൾഗാട്ടി - 1000 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാളിന്റെയും 500 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന ഡൈനിംഗ് ഹാളിന്റെയും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു വിശാലമായ കാർ പാർക്കിംഗ് ഒരുക്കിയിട്ടുണ്ട്.

ചെലവഴിച്ച തുക - 1,18,16,051 രൂപ

LIBRARY ARCHIVES Kerala Legislative Assembly

9. മോട്ടൽ ആരാം, കായംകുളം, ആലപ്പുഴ - എന്നീ യൂണിറ്റുകളിൽ കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു

ചെലവഴിച്ച തുക - മോട്ടൽ ആരാം, കായംകുളം - 26,32,949 രൂപ

മോട്ടൽ ആരാം, ആലപ്പുഴ - 17,06,811 രൂപ

10. ടാമറിന്റ് - കൊല്ലം, മണ്ണാർക്കാട്, കണ്ണൂർ എന്നീ യൂണിറ്റിന്റെ പെയിന്റിംഗ് പണിയും കോൺഫറൻസ് ഹാളിന്റെ നിർമ്മാണവും പൂർത്തിയാക്കി.

ചെലവഴിച്ച തുക - (ടാമറിന്റ്, കൊല്ലം) - 20,58,915 രൂപ

ചെലവഴിച്ച തുക - (ടാമറിന്റ്, മണ്ണാർക്കാട്) - 2,14,095 രൂപ

ചെലവഴിച്ച തുക - (ടാമറിന്റ്, കണ്ണൂർ) - 82,57,498 രൂപ.

11. നിലമ്പൂർ, കൊണ്ടോട്ടി, കൊട്ടാരക്കര, വൈക്കം, തണ്ണീർമുക്കം, പുനലൂർ എന്നീ യൂണിറ്റുകളിലെ ജല ദൗർലഭ്യം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു

12. ഗുരുവായൂർ ടാമറിന്റിന്റെ നവീകരണ പ്രവർത്തനം തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. ഗുരുവായൂർ നന്ദനത്തിന്റെ 45 മുറികളുടെയും കോൺഫറൻസ് ഹാളിന്റെയും നവീകരണം പൂർത്തിയായി.

ചെലവഴിച്ച തുക (നന്ദനം, ഗുരുവായൂർ) - 66,13,478 രൂപ

(ബി)

വർഷം	തുക
2012-13	6 കോടി രൂപ
2013-14	6.5 "
2014-15	6.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) എസ്.ബി.ഐ.-യിൽ നിന്നും എടുത്ത 1.64 കോടി രൂപയുടെ ലോൺ അടച്ചു തീർക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.ടി.ഡി.സി.-യുടെ 2011-12 വരെയുള്ള കണക്കുകളാണ് ആഡിറ്റ് ചെയ്തിട്ടുള്ളത്.

വർഷം	പ്രവർത്തന ലാഭം	അറ്റാദായം (ലക്ഷത്തിൽ)
2007-08	146.49	46.37
2008-09	519.38	45.67
2009-10	471.85	26.67
2010-11	482.23	57.03
2011-12	414.83	(-)70.07

(ഇ) ഉണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മംഗല്യ റസ്റ്റോറന്റിന്റെ പാട്ടക്കരാർ പുതുക്കി തരാത്തതിനാലും ഡൽഹിയിലെ 'അനന്ത' തുടർച്ചയായ നഷ്ടത്തിലായതിനാലും പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. കൂടാതെ ആതിരപ്പള്ളി മോട്ടൽ ആരാം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

306 (1004) . ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നത് ഏതെല്ലാം സാമ്പത്തിക ക്രമക്കേടുകൾ നടത്തിയെന്ന പരാതിയിന്മേലാണെന്ന് വിശദമാക്കാമോ ;

(ബി) അന്വേഷണം എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly